പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ്
കൺസർവേറ്റർ
(ഫോറസ്റ്റ് മാനേജ്മെന്റ്)

ഫോറസ്റ്റ്ഹെഡ്ക്വാർട്ടേഴ്സ്,
വഴുതയ്ക്കാട്,
തിരുവനന്തപുരം -695 014.
*Email:pccf-flr.for@.kerala.gov.in*
*Phone:0471-2327804*

പ്രൊ(8)-197390/21

തീയതി : 27/07.2022

To

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
ഈസ്റ്റേൺ സർക്കിൾ, പാലക്കാട്.

ജില്ലാ കളക്ടർ
മലപ്പുറം.

സർ,

വിഷയം:- നിലമ്പൂർ നോർത്ത് ഡിവിഷനുകീഴിലെ സോഷ്യൽ ഫോറസ്ട്രി ഓഫീസ് കോമ്പൗണ്ട് 1.924 ഹെക്ടർ ഭൂമി, 1961 ലെ കേരള വന നിയമം സെക്ഷൻ 4 പ്രകാരം റിസർവ്വ് വനമായി പ്രഖ്യാപിച്ച് പുറപ്പെടുവിച്ച വിജ്ഞാപനത്തിന്റെ പകർപ്പ് അയക്കുന്നത് - സംബന്ധിച്ച്.

സൂചന:- സർക്കാർ ഉത്തരവ് (പി) നം.20/2022/വനം, തീയതി 01.07.2022 (എസ്.ആർ.ഒ നം. 693/2022).

മേൽ വിഷയത്തിലേയ്ക്കും സൂചനയിലേയ്ക്കും താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. നിലമ്പൂർ നോർത്ത് ഡിവിഷനുകീഴിലെ സോഷ്യൽ ഫോറസ്ട്രി ഓഫീസ് കോമ്പൗണ്ട് 1.924 ഹെക്ടർ ഭൂമി, 1961 ലെ കേരള വന നിയമം സെക്ഷൻ 4 പ്രകാരം റിസർവ്വ് വനമായി പ്രഖ്യാപിച്ച് പുറപ്പെടുവിച്ച വിജ്ഞാപനത്തിന്റെ പകർപ്പ് അറിവിനായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

ഉള്ളടക്കം : മേൽപ്പറഞ്ഞവ

27/7

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ,
(ഫോറസ്റ്റ് മാനേജ്മെന്റ്)

പകർപ്പ് :
1) ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, നിലമ്പൂർ നോർത്തിന് അറിവിനായി നൽകുന്നു.
2) പെരിന്തൽമണ്ണ റവന്യൂ ഡിവിഷണൽ ഓഫീസർക്ക് അനന്തരനടപടികൾക്കായി നൽകുന്നു.
3) ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഐ.റ്റി) ക്ക് വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിലേക്കായി നൽകുന്നു.

2

363178/2022

29 3205/2

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

150 YEARS OF CELEBRATING THE MAHATMA

വനം വന്യജീവി (സി) വകുപ്പ്

നമ്പർ.FWLD-C2/129/2021-FWLD

23-07-2022,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

സെക്രട്ടറി,
കേരള നിയമസഭ, തിരുവനന്തപുരം

സർ,

വിഷയം:- വനം വന്യജീവി വകുപ്പ് - നിലമ്പൂർ നോർത്ത് ഡിവിഷന് കീഴിലെ സോഷ്യൽ ഫോറസ്ട്രി ഓഫീസ് കോമ്പണ്ട് 1.924 ഹെക്ടർ (വല്ലപ്പുഴ റിസർവ്വ്) - റിസർവ്വ് വനമായി പ്രഖ്യാപിക്കുന്നത് - സംബന്ധിച്ച്

സൂചന:- 14.07.2022 തീയതിയിലെ എസ്.ആർ.ഒ നമ്പർ 693/2022 വിജ്ഞാപനം (01/07/2022 തീയതിയിലെ ജി.ഒ. (പി) നം.20/2022/വനം)

സൂചന വിജ്ഞാപനത്തിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുന്നതിനും അനന്തര നടപടികൾക്കുമായി ഇതോടൊപ്പം അയയ്ക്കുന്നു.

വിശ്വസ്തതയോടെ,

ജീന ജെ പി
അണ്ടർ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

പകർപ്പ് :- പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്), തിരുവനന്തപുരം.
[ഒരു പകർപ്പ് അറിവിലേയ്ക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

©
കേരള സർക്കാർ
Government of Kerala
2022

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 11<br>Vol. XI | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2022 ജൂലൈ 14<br>14th July 2022<br>1197 മിഥുനം 30<br>30th Mithunam 1197<br>1944 ആഷാഢം 23<br>23rd Ashadha 1944 | നമ്പർ<br>No. | 2341 |

കേരള സർക്കാർ

വനം - വന്യജീവി (സി) വകുപ്പ്

വിജ്ഞാപനം

ജി.ഒ.(പി) നമ്പർ 20/2022/വനം

*തിരുവനന്തപുരം, 2022 ജൂലൈ 01*

*1197 മിഥുനം 17.*

**എസ്. ആർ. ഒ. നമ്പർ 693/2022**

1961 - ലെ കേരള വന ആക്റ്റിന്റെ (1962 - ലെ 4) 4-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചു കൊണ്ട് കേരള സർക്കാർ ഇതിനാൽ,-

(എ) താഴെ പട്ടികയിൽ പ്രത്യേകം പറഞ്ഞിട്ടുള്ള അതിർത്തികൾക്കുള്ളിലുള്ള സ്ഥലം ഒരു റിസർവ്വ് വനമാക്കാൻ ഉദ്ദേശിക്കുന്നുവെന്ന് പ്രഖ്യാപിക്കുകയും;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ബി) ഈ വിജ്ഞാപനത്തിന്റെ പട്ടികയിൽ പ്രത്യേകം പറഞ്ഞിട്ടുള്ള അതിർത്തികൾക്കുള്ളിലുള്ള സ്ഥലത്തെ സംബന്ധിച്ച്, അത്തരം അതിർത്തികൾക്കുള്ളിലുള്ള ഏതെങ്കിലും സ്ഥലത്തിലോ അഥവാ അപ്രകാരമുള്ള സ്ഥലത്തുള്ള ഏതെങ്കിലും വനവിഭവത്തിന്മേലോ ഏതെങ്കിലും ആൾക്കുണ്ടെന്ന് അവകാശപ്പെടുന്നതോ, പറയപ്പെടുന്നതോ ആയ ഏതെങ്കിലും അവകാശത്തിന്റെ നിലനിൽപ്പ്, സ്വഭാവം, വ്യാപ്തി എന്നിവയെക്കുറിച്ച് അന്വേഷിക്കുന്നതിനും തീരുമാനമെടുക്കുന്നതിനും, അത്, പ്രസ്തുത ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം കൈകാര്യം ചെയ്യുന്നതിനും വേണ്ടി പെരിന്തൽമണ്ണ റവന്യൂ ഡിവിഷണൽ ഓഫീസറെ, ഔദ്യോഗിക നിലയിൽ, ഫോറസ്റ്റ് സെറ്റിൽമെന്റ് ഓഫീസറായി നിയമിക്കുകയും;

(സി) ഈ ആവശ്യത്തിലേയ്ക്കായി നിയമിക്കപ്പെട്ട ഫോറസ്റ്റ് സെറ്റിൽമെന്റ് ഓഫീസർ, പ്രസ്തുത ആക്റ്റിന്റെ II-ാം അദ്ധ്യായത്തിൻ കീഴിൽ നടത്തുന്ന ഏതൊരു അന്വേഷണത്തിലും സർക്കാരിനുവേണ്ടി ഹാജരാകുന്നതിന് നിലമ്പൂർ നോർത്ത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറെ, ഔദ്യോഗിക നിലയിൽ നിയമിക്കുകയും ചെയ്യുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## പട്ടിക

| ജില്ല | താലൂക്ക് | വില്ലേജ് | ഫോറസ്റ്റ് ഡിവിഷന്റെ പേര് | ഫോറസ്റ്റ് റെയിഞ്ചിന്റെ പേര് | ബീറ്റ് നമ്പർ | സർവ്വെ നമ്പർ | വിസ്തീർണ്ണം (ഹെക്ടറിൽ) | അതിരുകൾ | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | വടക്ക് | കിഴക്ക് | തെക്ക് | പടിഞ്ഞാറ് |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) |
| മലപ്പുറം | നിലമ്പൂർ | നിലമ്പൂർ | നിലമ്പൂർ നോർത്ത് | നിലമ്പൂർ | ബീറ്റ് - I | 169/1 | 0.5660 | സർവ്വെ നമ്പർ 159 (റെയിൽവേ ഭൂമി) | സർവ്വെ നമ്പർ 169/3 (സ്വകാര്യ ഭൂമി) | സർവ്വേ നമ്പർ 169/2 (സ്വകാര്യ ഭൂമി) | സർവ്വെ നമ്പർ 159 (റെയിൽവേ ഭൂമി) |
| മലപ്പുറം | നിലമ്പൂർ | നിലമ്പൂർ | നിലമ്പൂർ നോർത്ത് | നിലമ്പൂർ | ബീറ്റ് - II | 160 | 1.3580 | നിലമ്പൂർ-കരുളായി റോഡ് | സർവ്വെ നമ്പർ 159 (റെയിൽ വേ ഭൂമി) | സർവ്വെ നമ്പർ 159 (റെയിൽവേ ഭൂമി) | സർവ്വെ നമ്പർ 152 (സ്വകാര്യ ഭൂമി) |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**രാജേഷ് കുമാർ സിൻഹ,**

*ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

വിജ്ഞാപനത്തിന്റെ പട്ടികയിൽ പ്രത്യേകം പറഞ്ഞിട്ടുള്ളതായ, മലപ്പുറം ജില്ലയിൽ നിലമ്പൂർ താലൂക്കിൽ നിലമ്പൂർ വില്ലേജിലെ നിലമ്പൂർ നോർത്ത് ഫോറസ്റ്റ് ഡിവിഷന്റെ കീഴിലുള്ള നിലമ്പൂർ ഫോറസ്റ്റ് റെയിഞ്ചിന്റെ അധികാര പരിധിയിലെ സർവ്വേ നമ്പർ 169/1, (ബിറ്റ് - I), 160 (ബിറ്റ് - II) എന്നിവയിൽ ഉൾപ്പെട്ട 1.924 ഹെക്ടർ സ്ഥലം വനം വകുപ്പിന്റെ കൈവശത്തിലും ഉടമസ്ഥതയിലും ഉള്ളതാണ്. പ്രസ്തുത ഭൂമി മരങ്ങൾ സമൃദ്ധമായി വളർന്നു നിൽക്കുന്നതും വിവിധയിനം പക്ഷികളുടെയും മൃഗങ്ങളുടെയും ആവാസവ്യവസ്ഥയുമാണ്. പ്രസ്തുത സ്ഥലവും ആയതിലെ വൃക്ഷ സമ്പത്തും ആവാസവ്യവസ്ഥയും സംരക്ഷിക്കുന്നത് സർക്കാരിന്റെ ഉത്തരവാദിത്തമാണ്. അതിനാൽ പ്രസ്തുത ഭൂമിയെ 1961 ലെ കേരള വന ആക്റ്റിന്റെ (1962 - ലെ 4) 4-ാം വകുപ്പ് പ്രകാരം 'വല്ലപ്പുഴ റിസർവ്വ്' എന്ന പേരിൽ ഒരു റിസർവ്വ് വനമായി പ്രഖ്യാപിക്കേണ്ടത് ആവശ്യമാണെന്ന് സർക്കാർ കരുതുന്നു.

മേൽപ്പറഞ്ഞ ആവശ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# GOVERNMENT OF KERALA
## Forest & Wildlife (C) Department

## NOTIFICATION

G.O. (P) No.20/2022/F&WLD. *Thiruvananthapuram, 1st July 2022*
*17 Mithunam, 1197.*

**S. R. O. No. 693/2022**

In exercise of the powers conferred by section 4 of the Kerala Forest Act, 1961 (4 of 1962), the Government of Kerala hereby,-

(a) declare that it is proposed to constitute the land within the boundaries specified in the Schedule attached below as a Reserved Forest;

(b) appoint the Revenue Divisional Officer, Perinthalmanna *ex-officio*, to be the Forest Settlement Officer, in regard to the land within the boundaries specified in the Schedule to this notification, to inquire into and determine the existence, nature and extent of any rights claimed, by or alleged to exist in favour of any person, in or over any land comprised within such boundaries, or any forest produce of such land and to deal with the same as provided in the said Act; and

(c) appoint the Divisional Forest Officer, Nilambur North, *ex-officio*, to attend on behalf of the Government at any enquiry under Chapter II of the said Act held by the Forest Settlement Officer, appointed in this behalf.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## SCHEDULE

| District | Taluk | Village | Name of Forest Division | Name of Forest Range | Bit Number | Survey Number | Extent in Hectares | Boundaries | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | North | East | South | West |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) |
| Malappuram | Nilambur | Nilambur | Nilambur North | Nilambur | Bit I | 169/1 | 0.5660 | Survey No. 159 (Railway Land) | Survey No. 169/3 (Private land) | Survey No. 169/2 (Private land) | Survey No. 159 (Railway land) |
| Malappuram | Nilambur | Nilambur | Nilambur North | Nilambur | Bit II | 160 | 1.3580 | Nilambur - Karulai Road | Survey No. 159 (Railway land) | Survey No. 159 (Railway land) | Survey No. 152 (Private land) |

By order of the Governor,
**RAJESH KUMAR SINHA,**
*Principal Secretary to Government.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## Explanatory Note

(This does not form part of the notification, but is intended to indicate its general purport.)

The area specified in the Schedule to the notification having, an extent of 1.924 hectares land comprised in Survey Number 169/1 (Bit - I) and 160 (Bit - II) of Nilambur Village, Nilambur Taluk in Malappuram District which falls under the jurisdiction of Nilambur Forest Range under Nilambur North Forest Division is under the possession and ownership of Forest Department. The said land have abundant tree growth and is the habitat for various types of birds and animals. It is the responsibility of the Government to protect the said land, the tree growth and the ecosystem thereon. Therefore the Government finds it necessary to declare the land as a Reserved Forest named 'Vallapuzha Reserve' under the provisions of the Kerala Forest Act, 1961 (4 of 1962).

The notification is intended to achieve the above object.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2022

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2022.07.14 04:10:47 +05